## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 692 — 27.04.2017-ൽ മറുപടിയ്ക്ക്

## പാർലമെന്ററി ജനാധിപത്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**,, റ്റി.വി.രാജേഷ്**<br>**,, കെ.ഡി. പ്രസേനൻ**<br>**,, ആർ. രാജേഷ്** | | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യത്തിലധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹിക രാഷ്ട്രീയ അവബോധവും ജനങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിനും പാർലമെന്ററികാര്യ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;<br><br>(ബി) ഈ മേഖലയിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | പാർലമെന്ററികാര്യ വകുപ്പിനു കീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ ക്വിസ്/ പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്,' വിവിധ പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു വരുന്നു. വിദ്യാർത്ഥികളിലും യുവതലമുറയിലും പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ കോളേജ് തല സെമിനാറുകളും ജനാധിപത്യ സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്. |

(സി) പാർലമെന്ററി പ്രക്രിയയെ ക്കുറിച്ചും ജനാധിപത്യത്തിൽ മതേതരമൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ചുകൊണ്ടും സ്കൂളുകളിലും കോളേജുകളിലും സെമിനാറുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(സി) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.എൽ.എ-മാരോടും തങ്ങളുടെ മണ്ഡലത്തിലെ ഓരോ സ്കൂളുകളെ സെമിനാറിനായി തെരഞ്ഞെടുത്ത് അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 82 എം.എൽ.എ മാർ മാത്രമാണ് സ്കൂളുകൾ നിശ്ചയിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചത്. അതിൽ 37 സ്കൂളുകൾ മാത്രമാണ് 2016-17 അദ്ധ്യയന വർഷത്തിൽ സെമിനാർ സംഘടി-പ്പിച്ചതായി റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ഇതിനു തുടർച്ചയായി പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ തന്നെ പാർലമെന്ററി പ്രക്രിയയെക്കുറിച്ചും ജനാധിപത്യത്തിൽ മതേതര മൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ചുകൊണ്ട് സ്കൂളുകളിലും, കോളേജുകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ